# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 4261 | 16.12.2014-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലന പദ്ധതി

**ചോദ്യം**
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ആർ.സെൽവരാജ്

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ; | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. 2013-14 സാമ്പത്തിക വർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.<br>2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകി വരുന്നു.<br>3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കി വരുന്നു.<br>4. കെൽട്രോൺ മുഖേന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലനങ്ങൾ നൽകി വരുന്നു.<br>5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി |

| | | | |
|---|---|---|---|
| | | | മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ കോഴ്സുകൾ നടത്തി വരുന്നു.<br>6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു.<br>7. 2014-15 വർഷത്തിൽ തിരുവനന്തപുരത്തെ ഗവ.ആയുർവ്വേദ കോളേജിൽ 30 പട്ടിക വർഗ്ഗ യുവതിയുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകി വരുന്നു.<br>8. സംസ്ഥാനത്തെ ഗവ.പോളി ടെക്നിക്കുകളിൽ 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ പരിശീലനം നൽകുന്നു.<br>9. 2014-15 വർഷം കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേക്കുള്ള റിക്രൂട്ട്മെന്റിനായി പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം നൽകി.<br>10. ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സര പരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നൽകി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | പ്രസ്തുത പദ്ധതി വഴി താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിക്കുന്നു.<br>1. പട്ടികവർഗ്ഗക്കാരിലെ (പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ) തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുക.<br>2. ആധുനിക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരിക. |

| | | | |
|---|---|---|---|
| | | | 3. ഉന്നത വിദ്യാഭ്യാസത്തിലേയ്ക്കും സാങ്കേതിക വിദ്യാഭ്യാസത്തിലേയ്ക്കും പട്ടികവർഗ്ഗക്കാരെ കൊണ്ടു വരികയും അവരുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുകയും ചെയ്യുക.<br>4. സംരംഭക പരിശീലനം നൽകി പട്ടികവർഗ്ഗക്കാരിൽ നിന്നും കൂടുതൽ സംരംഭകരെ വളർത്തിക്കൊണ്ടു വരിക.<br>5. തൊഴിൽ മേഖലകളിൽ ജോലി ലഭിക്കുന്നതിനായി മത്സര ക്ഷമതയും/സാഹചര്യവും സൃഷ്ടിക്കുക.<br>6. തൊഴിൽ പരിശീലനത്തിലൂടെയും തൊഴിൽ ലഭ്യതയിലൂടെയും സ്ത്രീകളുടെ ശാക്തീകരണം കൈവരിക്കുക. |
| സി) | പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വ്യക്തമാക്കുമോ; | സി) | ഗവ.ആയുർവേദ കോളേജ്, കെൽട്രോൺ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി, കോവളം, ഗവ.പോളി ടെക്നിക്കുകൾ, കിൻഫ്ര അപ്പാരൽ ട്രെയിനിംഗ് സെന്റർ, നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരാണ് പ്രസ്തുത പദ്ധതിയുമായി പ്രധാനമായും സഹകരിക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ 'എ' പിരിവിൽ ചേർത്തിരിക്കുന്നു. ഇതിനു പുറമേ പട്ടികവർഗ്ഗക്കാർക്ക് ഗുണകരമാണെന്നു കാണുന്ന മറ്റ് നൈപുണ്യ പരിശീലന പദ്ധതികളും നടപ്പിലാക്കി വരുന്നു. |

Haripriya

സെക്ഷൻ ഓഫീസർ